# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1173

04.12.2014 ൽ മറുപടിയ്ക്ക്

## അംഗീകാരമില്ലാത്ത സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി. ശശി | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) | കേരളത്തിൽ അംഗീകാരമില്ലാത്ത എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | വ്യക്തികളും സ്ഥാപനങ്ങളും വകുപ്പു നിർദ്ദേശങ്ങളോ സർക്കാർ അനുശാസിച്ചിരിക്കുന്ന മാനദണ്ഡങ്ങളോ സ്വീകരിക്കാതെ സ്വന്തം ഇഷ്ടപ്രകാരം വിദ്യാലയങ്ങൾ നടത്തിവരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇപ്രകാരം അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകളുടെ വ്യക്തമായ കണക്ക് ലഭ്യമല്ല. |
| (ബി) | അംഗീകാരം ഇല്ലാത്ത സ്കൂളുകളുടെ പ്രവർത്തനം നിർത്തലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | സർക്കാർ മാനദണ്ഡങ്ങളനുസരിച്ച് പ്രവർത്തിക്കുന്ന സ്റ്റേറ്റ് സിലബസ് അനുസരിച്ചുള്ള വിദ്യാലയങ്ങൾക്ക് 31.12.14 വരെയും സി.ബി.എസ്.ഇ. വിദ്യാലയങ്ങൾക്ക് 31.01.15 വരെയും അംഗീകാരം നേടാനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകിയതിനുശേഷം മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

(സി) പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന അദ്ധ്യാപകരുടെ യോഗ്യത പരിശോധിക്കാനുള്ള സംവിധാനം ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) അംഗീകാരം ലഭിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാനദണ്ഡ പ്രകാരം ലഭിക്കുന്ന അപേക്ഷയോടൊപ്പം അദ്ധ്യാപകരുടെ യോഗ്യത സംബന്ധിച്ച വിവരവും യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പും വാങ്ങുകയും ആയവ പരിശോധിക്കുകയും നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപകരാണ് ജോലി ചെയ്യുന്നത് എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്.

(ഡി) പ്രസ്തുത സ്ഥാപനങ്ങളിലെ അദ്ധ്യാപക ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ നിശ്ചയിക്കാനുള്ള സംവിധാനം എന്താണെന്ന് വിശദമാക്കാമോ?

(ഡി) സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനം അദ്ധ്യാപകർക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനായി അത്തരം വിദ്യാലയങ്ങളിൽ പരിശോധന നടത്തുവാൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വേതനം സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും മാനേജ്മെന്റ് പ്രതിനിധികൾ, അദ്ധ്യാപക സംഘടനാ പ്രതിനിധികൾ എന്നിവരുടെ പങ്കാളിത്തമുള്ള സ്റ്റേറ്റ് ലവൽ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ